അമേരിക്കൻ ചോററുപട്ടാളക്കാരുടെ ശരീരാവശിഷ്ടങ്ങൾ അടക്കംചെയ്ത രണ്ട് ശവപ്പെട്ടികളുമായി ഏതാനും നികരാഗ്വക്കാർ അവിടെ എത്തിയത്. അമേരിക്കൻ പൗരന്മാരുടെ ദേഹങ്ങൾ അമേരിക്കൻസർക്കാരിന് ഏല്പിച്ചുകൊടുക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഒരു അമേരിക്കൻവിമാനം നികരാഗ്വയ്ക്കുമീതെ പറന്നുവെന്ന വസ്തുതതന്നെ ഉയർന്ന അമേരിക്കൻ ഭരണാധികൃതർ നിഷേധിച്ചിരുന്നതിനാൽ, ഈ ശവപ്പെട്ടികൾ സ്വീകരിക്കാൻ മനാഗ്വയിലെ അമേരിക്കൻ എംബസ്സി ആദ്യം വിസമ്മതിക്കുകയാണുണ്ടായത്. തങ്ങളുടെ വിശ്വാസ്യത തികച്ചും നഷ്ടപ്പെട്ടുകഴിഞ്ഞു എന്ന ബോധ്യംവന്നതിനാലാവാം അവസാനം അവർ ആ ശവപ്പെട്ടികൾ കൈപ്പററി; മരിച്ചവരുടെ ബന്ധുക്കൾക്കുവേണ്ടി അവ അമേരിക്കയിലേക്ക് തിരികെ അയയ്ക്കുകയുംചെയ്തു.

(4 നവംബർ, 1986)

# 13. ലിബിയയിൽ അമേരിക്കയുടെ ബോംബാക്രമണം

ആഫ്രിക്കയുടെ വടക്കുഭാഗത്ത്, മെഡിറററേനിയൻ കടലിന്റെ വക്കിലുള്ള ഒരു ചെറുരാജ്യമാണ് ലിബിയ. വിസ്താരം ഏതാണ്ട് ഇന്ത്യയിലെ ഉത്തരപ്രദേശ് സംസ്ഥാനത്തിന്റെ ആറിരട്ടികാണും (ഏറെക്കുറെ 17, 59, 540 ച. കി.മീ.). എന്നാൽ, ജനസംഖ്യ മുപ്പത്തഞ്ചു ലക്ഷത്തോളം മാത്രമാണ്—ഉത്തരപ്രദേശിലെ ജനസംഖ്യയുടെ മുപ്പതിലൊരു ഭാഗത്തേക്കാൾ കുറവ്. ലിബിയയിൽ വളരെയേറെ ഭാഗം മരുഭൂമിയാണെന്നതാണ് അവിടെ ജനസംഖ്യ ഇത്ര കുറവായതിനു കാരണം. എന്നിട്ടും ലിബിയയ്ക്കു സമകാല ലോകരാഷ്ട്രീയത്തിൽ ഗണ്യമായ പ്രാധാന്യമുണ്ടെങ്കിൽ, അതിന്റെ കാരണം അവിടെ ധാരാളം എണ്ണ കുഴിച്ചെടുക്കാനുണ്ടെന്നതത്രെ.

ലിബിയയുടെ പഴയചരിത്രത്തെപ്പററി ഏറെയൊന്നും പറയാനില്ല. ജനങ്ങളിൽ അധികവും അറബിവംശജരാണെങ്കിലും, 1912 വരെ ലിബിയ തുർക്കി സാമ്രാജ്യത്തിന്റെ ഒരു ഭാഗമായിരുന്നു. 1912—ൽ ലിബിയയുടെ ഏതാനും ഭാഗം ഇററലി പിടിച്ചടക്കി. രണ്ടാം മഹായുദ്ധകാലത്ത് ലിബിയ ഇററലിയുടെയും ജർമനിയുടെയും കീഴിലായിരുന്നു. 1943—ൽ ഈ രണ്ടു രാജ്യങ്ങളുടെയും സൈന്യങ്ങളെ തോല്പിച്ചശേഷം ബ്രിട്ടനും ഫ്രാൻസും ഈ പ്രദേശത്തു സൈനികവാഴ്ച പുലർത്തി; തങ്ങളുടെ കീഴിലുള്ള പ്രദേശത്ത് ഒരു ഗോത്രാധിപനായിരുന്ന ഇദ്രിസ്സിന് ബ്രിട്ടീഷുകാർ 'അമീർ' എന്ന പദവി നൽകി. ഐക്യരാഷ്ട്രസംഘടനയുടെ തീരുമാനപ്രകാരം 1950—ൽ ഇദ്രിസ് സംയുക്തലിബിയൻ ഗവണ്മെൻറിന്റെ തലവൻ—രാജാവ്—ആയിത്തീർന്നു. 1969—ൽ ഒരു സംഘം യുവ—സൈനിക ഉദ്യോഗസ്ഥന്മാർ ഇദ്രിസ് രാജാവിനെ അധികാരഭ്രഷ്ടനാക്കി ലിബിയയുടെ ഭരണം കൈയേററു. ഈ ഉദ്യോഗസ്ഥന്മാരുടെ തലവനായിരുന്നു മുഅമ്മർ ഗദ്ദാഫി. 1977—ൽ ലിബിയയിലെ പട്ടാളഭരണം അവസാനിച്ചെങ്കിലും, ഗദ്ദാഫിതന്നെയാണ് ഇപ്പോഴും ഭരണത്തലവൻ. ലിബിയയുടെ ഇപ്പോഴത്തെ പേർ 'സോഷ്യലിസ്റ്റ് പീപ്പിൾസ് ലിബിയൻ അറബ് ജമാഹിരിയ' എന്നാണ്. 'ജമാഹി

രിയ' എന്നാൽ 'ഗണതന്ത്രം' എന്നു് അർത്ഥം. 'വിപ്ലവനേതാവ്' എന്ന പദവി അല്ലാതെ ഗദ്ദാഫിക്കു് സർക്കാരിൽ ഉദ്യോഗമൊന്നുമില്ല.

ഗദ്ദാഫിയുടെ സോഷ്യലിസപ്രഖ്യാപനവും, സോവിയററു് റഷ്യയോടുള്ള അനുഭാവവും അമേരിക്കയ്ക്കു പണ്ടേ ഇഷ്ടമല്ലായിരുന്നു.

1948–ൽ പാലസ്റ്റൈനിൽ 'ഇസ്രായേൽ' എന്ന ജൂതരുടെ രാഷ്ട്രം സ്ഥാപിക്കപ്പെട്ടതിനെത്തുടർന്നു്, അവിടെ പാർത്തിരുന്ന ഒട്ടേറെ അറബികൾക്കു് ആ പ്രദേശം വിട്ടു് ഓടേണ്ടിവന്നു. 'പാലസ്റ്റീൻ വിമോചനസംഘടന' (പി. എൽ. ഒ.) എന്ന പേരിൽ ഇവർ സംഘടിക്കുകയും ജൂതന്മാർക്കെതിരായും, ജൂതന്മാരെ സഹായിക്കുന്ന പാശ്ചാത്യരാഷ്ട്രങ്ങൾക്കെതിരായും പല അട്ടിമറിപ്രവർത്തനങ്ങളും സംഘടിപ്പിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങളിൽ പലതിലും നേരിട്ടോ, അല്ലാതെയോ ലിബിയൻ സർക്കാരും, ലിബിയക്കാരുടെ നേതാവായ ഗദ്ദാഫിയും പങ്കെടുക്കുന്നതായി പരക്കെ വിശ്വസിക്കപ്പെട്ടുവന്നു. അട്ടിമറികളുടെ ഫലമായി ലെബനോണിലും മററും വെച്ചു് അമേരിക്കൻ പൗരക്കു ഗണ്യമായ തോതിൽ ജീവഹാനി സംഭവിച്ചു. ഇതിനെത്തുടർന്നു് ഗദ്ദാഫിയുമായി സൈനികമായി ഉരസുന്നതിനു് അമേരിക്ക പലകുറി മുന്നോട്ടുവന്നു. ലിബിയയുടെ വടക്കുവശത്തുള്ളതും, തങ്ങളുടെ ജലാതിർത്തിക്കകത്തുള്ളതെന്നു് ലിബിയ അവകാശപ്പെടുന്നതുമായ സിഡ്ര ഉൾക്കടലിലേക്കു യുദ്ധക്കപ്പലുകളെ അയയ്ക്കുക, തങ്ങളുടെ വിമാനങ്ങളുടെ അടുത്തുവരുന്ന ലിബിയൻ വിമാനങ്ങളെ വെടിവെച്ചു വീഴ്ത്തുക, ഇതൊക്കെ അമേരിക്ക മുമ്പും ചെയ്തിട്ടുള്ളതാണു്.

പടിഞ്ഞാറേ ബർലിനിൽ അമേരിക്കൻ പട്ടാളക്കാർ സാധാരണ സന്ദർശിക്കാറുള്ള ഒരു നിശാവിനോദശാലയിൽ 1986 ഏപ്രിൽ 5–ാം തീയതി ഒരു ബോംബു് പൊട്ടിയതിനെത്തുടർന്നു് ഒരു അമേരിക്കൻ പട്ടാളക്കാരനും, അയാളോടൊപ്പമുണ്ടായിരുന്ന ഒരു തുർക്കിക്കാരിയും മരണമടഞ്ഞു. ഈ ബോംബുസ്ഫോടനത്തിനു് ലിബിയയാണു് ഉത്തരവാദി എന്നു് ആരോപിച്ചു്, പ്രസിഡണ്ടു് റേയ്ഗന്റെ കല്പനപ്രകാരം, ബ്രിട്ടനിൽ താവളമുറപ്പിച്ച അമേരിക്കൻ വ്യോമസേനയിലെ ഏതാനും വിമാനങ്ങൾ ഏപ്രിൽ 14–ാം തീയതി ലിബിയയുടെ തലസ്ഥാനമായ ട്രിപ്പോളി നഗരത്തിൽ വൻതോതിൽ വ്യോമാക്രമണം നടത്തി ഗദ്ദാഫിയുടെ വീടിന്റെ മുകളിൽ ബോംബെറിഞ്ഞതുകൊണ്ടു്, അദ്ദേഹത്തെ കൊല്ലാൻ അമേരിക്കൻ വിമാനസൈനികർക്കു് ഉദ്ദേശമുണ്ടായിരുന്നു എന്നതു് സ്പഷ്ടമാണു്. ബോംബേറിൽ മരിച്ചവരുടെ കൂട്ടത്തിൽ ഗദ്ദാഫിയുടെ വളർത്തുമകളായ ഒരു കൊച്ചു കുട്ടികൂടി ഉൾപ്പെടുന്നു. രണ്ടു വിമാനവാഹിനിക്കപ്പലുകളടക്കം വമ്പിച്ച ഒരു അമേരിക്കൻ കടൽപ്പട ഈ ആക്രമണത്തിനു സംരക്ഷണം നൽകാനായി മെഡിററേനിയൻ കടലിൽ ലിബിയയോടടുത്തു കിടന്നിരുന്നു.

യുദ്ധപ്രഖ്യാപനമൊന്നും നടത്താതെ ലിബിയയെ ആക്രമിക്കുംമുമ്പു് ഗദ്ദാഫിയെ 'മദ്ധ്യപൂർവപ്രദേശത്തിലെ ഭ്രാന്തൻനായ' എന്നു പ്രസിഡണ്ടു് റേയ്ഗൻ വിളിക്കുകയുണ്ടായി. ബോംബേറു കഴിഞ്ഞു് ഏറെ വൈകാതെ നടത്തിയ ഒരു ടെലിവിഷൻ പ്രഭാഷണത്തിൽ റേയ്ഗൻ പറഞ്ഞു: 'നാം ചെയ്യേണ്ടതു് ഇന്നു നാം ചെയ്തു. ആവശ്യമെങ്കിൽ നാം ഇനിയും അതു ചെയ്യും. അമേരിക്കക്കാരായ നമുക്കു് മെല്ലെയേ ക്ഷോഭം വരൂ. ശക്തി പ്രയോഗിക്കും മുമ്പു സമാധാനപരമായ മാർഗങ്ങൾ നാം എന്നും തേടാറുണ്ടു്. നയതന്ത്രം, സാമ്പത്തിക–ഉപരോധങ്ങൾ, സൈനികശക്തിപ്രകടനം എന്നിവ നാം പരീക്ഷിച്ചുനോക്കി. അമേരിക്ക നിഷ്ക്രിയമായിരിക്കുകയേയുള്ളു എന്നാണു് ഗദ്ദാഫി കരുതിയതു്. അയാൾക്കു തെററി. നമ്മോടു ശത്രുത പുലർത്തുന്ന ഒരു ഭരണകൂടത്തിന്റെ കല്പന

പ്രകാരം, ലോകത്തിലെവിടെവെച്ചും, അമേരിക്കൻ പൗരന്മാരെ അവഹേളിക്കുകയോ, ആക്രമിക്കുകയോചെയ്താൽ, നാം അതിനു പകരം വീട്ടും.'

ഏപ്രിൽ 14—ാം തീയതിയിലെ വിമാനാക്രമണത്തെത്തുടർന്ന് ലിബിയയിൽ ഒരു സൈനിക കലാപം ഉണ്ടാകുമെന്നും, ആക്രമണത്തിൽ മരിച്ചില്ലെങ്കിൽത്തന്നെ ഗദ്ദാഫി ഈ കലാപത്തിൻഫലമായി സ്ഥാനഭ്രഷ്ടനാക്കപ്പെടുമെന്നും അമേരിക്ക പ്രതീക്ഷിച്ചിരുന്നു. അമേരിക്കൻ രഹസ്യപ്പോലീസ് ഇതിനുവേണ്ടി പല ലിബിയൻ പട്ടാള ഉദ്യോഗസ്ഥന്മാരുമായും സമ്പർക്കം പുലർത്തിയിരുന്നതായി പത്രവാർത്തകൾ ഉണ്ടായിരുന്നു. എന്നാൽ, ഗദ്ദാഫിക്കെതിരെ ഒരു കലാപം ലിബിയയിൽ ഉണ്ടായില്ല; മറിച്ച്, ലിബിയയിലും അറബ് ജനതയ്ക്കിടയിലും ഗദ്ദാഫിയുടെ സ്വാധീനം ഒന്നുകൂടി ഉറയ്ക്കുകയാണുചെയ്തത്.

ബെർലിൻ നിശാക്ലബ്ബിലെ ബോംബ്സ്ഫോടനത്തിന് ആരാണുത്തരവാദി എന്ന് ഇനിയും വ്യക്തമല്ല. പല തുണ്ടുകളായി ചിതറിപ്പോയ പാലസ്തീൻ വിമോചനസംഘടനയുടെ ഓരോ തുണ്ടും ലോകവ്യാപകമായ തോതിൽ അട്ടിമറിപ്രവർത്തനങ്ങൾ നടത്തുന്നതായി ആരോപണമുണ്ട്. പാലസ്തീൻകാർക്കു പുറമേ, ഈരാനുമായി കലഹിക്കുന്ന കർദ്ദുകൾ, ആർമേനിയക്കാർ, സ്പെയിനിൽ സ്വാതന്ത്ര്യത്തിനു പടവെട്ടുന്ന ബാസ്കുകൾ, ജർമനിയിലെ 'നക്സലൈററുകൾ' ആയ റെഡ് ബ്രിഗേഡുകാർ, ഐറിഷ് റിപ്പബ്ലിക്കൻ ആർമി—അങ്ങനെ ഒട്ടേറെ അട്ടിമറിസ്സംഘങ്ങൾ ഇപ്പോൾ നിലവിലുണ്ട്. ഇവർക്കു പുറമേയാണ് 'മാഫിയ' മുതലായ സാർവലൗകിക മയക്കമരുന്ന്—കള്ളക്കടത്ത്—സാമ്പത്തികക്കുററസ്സംഘങ്ങൾ, കൂലിവാങ്ങി കൊല നടത്തിക്കൊടുക്കുന്ന ചോററുപട്ടാളക്കാർ, ഭീകരപ്രവർത്തകർക്കു പരിശീലനം നൽകുന്നതിനുള്ള സ്ഥാപനങ്ങൾ നടത്തുന്ന മുൻ മിലിട്ടറി ഉദ്യോഗസ്ഥർ—അങ്ങനെ സംശയിക്കപ്പെടേണ്ട പലരും അമേരിക്കയിലും ബ്രിട്ടനിലും ജർമനിയിലും ഫ്രാൻസിലും മററുമുണ്ട്. ബെർലിൻ സ്ഫോടനത്തിൻെറ ഉത്തരവാദിത്തം ലിബിയയുടെ മേൽ ചുമത്താൻ തെളിവുകളില്ല എന്നാണ് ഗ്രീക്ക് സർക്കാർ ഏപ്രിൽ 22—ാം തീയതി പ്രസ്താവിച്ചത്.

ലിബിയയിൽ അമേരിക്ക ബോംബെറിഞ്ഞതിനെത്തുടർന്ന്, അമേരിക്കക്കാർക്കെതിരെ ചില്ലറ ചില ആക്രമണങ്ങൾ ഇതിനകം മദ്ധ്യപൂർവപ്രദേശത്തു ചിലേടങ്ങളിൽ നടക്കുകയുണ്ടായി. അമേരിക്കക്കാരെ ബോംബേറിൽ തുണച്ച ബ്രിട്ടനിൽ പിറന്ന ചിലർക്കും ജീവൻ വെടിയേണ്ടിവന്നു. അമേരിക്കക്കാർക്കെതിരായ അക്രമങ്ങൾ ലോകത്തിലെങ്ങും വർദ്ധിച്ചുവരാൻ സാധ്യതയുണ്ടെന്നാണു കരുതപ്പെടുന്നത്. ജീവൻ വെടിഞ്ഞും പകവീട്ടാൻ തയ്യാറായ മതഭ്രാന്തന്മാർക്ക് ആഫ്രിക്കൻ രാജ്യങ്ങളിൽ ക്ഷാമമില്ല. അട്ടിമറിപ്രവർത്തനങ്ങളെ 'ജീഹാദ്' ആയി മഹത്വപ്പെടുത്താൻ ധാരാളം ആളുകൾ കാണും. ലണ്ടനിൽനിന്നു പുറപ്പെടുന്ന ഇസ്രായേൽക്കാരുടെ എൽ അൽ എയർലൈൻസ് വക ഒരു വിമാനത്തിൽ, സ്ഫോടകവസ്തുക്കൾ നിറച്ച ഒരു പെട്ടിയും കൊടുത്ത്, ഗർഭിണിയായ തൻെറ കാമുകിയെ ഒരു യോർദാൻകാരൻ കയററിവിട്ടതായി ഏപ്രിൽ 20—ാം തീയതിയിലെ 'ഹിന്ദു'വിൽ ഒരു വാർത്തയുണ്ടായിരുന്നു. തൻെറ കാമുകിയെയും, അവളുടെ വയററിലെ തൻെറ കുഞ്ഞിനെയും ശത്രുവിൻെറ വിമാനം നശിപ്പിക്കുന്നതിന് 'ജീവനുള്ള ബോംബ്' ആക്കി ഉപയോഗപ്പെടുത്താൻ ഈ യോർദാൻകാരനു തീരെ സങ്കോചം തോന്നിയില്ല. ഇത്തരക്കാർ, നിർഭാഗ്യവശാൽ, ഇന്നു ധാരാളമുണ്ട്; എവിടെയും.

ലിബിയയിലെ അമേരിക്കൻ ബോംബാക്രമണം എല്ലാ പരിഷ്

രിയ' എന്നാൽ 'ഗണതന്ത്രം' എന്നു് അർത്ഥം. 'വിപ്ളവനേതാവു്' എന്ന പദവി അല്ലാതെ ഗദ്ദാഫിക്കു് സർക്കാരിൽ ഉദ്യോഗമൊന്നുമില്ല.

ഗദ്ദാഫിയുടെ സോഷ്യലിസപ്രഖ്യാപനവും, സോവിയററു് റഷ്യയോടുള്ള അനുഭാവവും അമേരിക്കയ്ക്കു പണ്ടേ ഇഷ്ടമല്ലായിരുന്നു.

1948—ൽ പാലസ്റ്റൈനിൽ 'ഇസ്രായേൽ' എന്ന ജൂതരുടെ രാഷ്ട്രം സ്ഥാപിക്കപ്പെട്ടതിനെത്തുടർന്നു്, അവിടെ പാർത്തിരുന്ന ഒട്ടേറെ അറബികൾക്കു് ആ പ്രദേശം വിട്ടു് ഓടേണ്ടിവന്നു. 'പാലസ്തീൻ വിമോചനസംഘടന' (പി. എൽ. ഒ.) എന്ന പേരിൽ ഇവർ സംഘടിക്കുകയും ജൂതന്മാർക്കെതിരായും, ജൂതന്മാരെ സഹായിക്കുന്ന പാശ്ചാത്യരാഷ്ട്രങ്ങൾക്കെതിരായും പല അട്ടിമറിപ്രവർത്തനങ്ങളും സംഘടിപ്പിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങളിൽ പലതിലും നേരിട്ടോ, അല്ലാതെയോ ലിബിയൻ സർക്കാരും, ലിബിയക്കാരുടെ നേതാവായ ഗദ്ദാഫിയും പങ്കെടുക്കുന്നതായി പരക്കെ വിശ്വസിക്കപ്പെട്ടുവന്നു. അട്ടിമറികളുടെ ഫലമായി ലെബനോണിലും മററും വെച്ചു് അമേരിക്കൻ പൗരക്കു ഗണ്യമായ തോതിൽ ജീവഹാനി സംഭവിച്ചു. ഇതിനെത്തുടർന്നു് ഗദ്ദാഫിയുമായി സൈനികമായി ഉരസുന്നതിനു് അമേരിക്ക പലകുറി മുന്നോട്ടുവന്നു. ലിബിയയുടെ വടക്കുവശത്തുള്ളതും, തങ്ങളുടെ ജലാതിർത്തിക്കകത്തുള്ളതെന്നു് ലിബിയ അവകാശപ്പെടുന്നതുമായ സിഡ്രു ഉൾക്കടലിലേക്കു യുദ്ധക്കപ്പലുകളെ അയയ്ക്കുക, തങ്ങളുടെ വിമാനങ്ങളുടെ അടുത്തുവരുന്ന ലിബിയൻ വിമാനങ്ങളെ വെടിവെച്ചു വീഴ്ത്തുക, ഇതൊക്കെ അമേരിക്ക മുമ്പും ചെയ്തിട്ടുള്ളതാണു്.

പടിഞ്ഞാറേ ബർലിനിൽ അമേരിക്കൻ പട്ടാളക്കാർ സാധാരണ സന്ദർശിക്കാറുള്ള ഒരു നിശാവിനോദശാലയിൽ 1986 ഏപ്രിൽ 5—ാം തീയതി ഒരു ബോംബു് പൊട്ടിയതിനെത്തുടർന്നു് ഒരു അമേരിക്കൻ പട്ടാളക്കാരനും, അയാളോടൊപ്പമുണ്ടായിരുന്ന ഒരു തുർക്കിക്കാരിയും മരണമടഞ്ഞു. ഈ ബോംബുസ്ഫോടനത്തിനു് ലിബിയയാണു് ഉത്തരവാദി എന്നു് ആരോപിച്ചു്, പ്രസിഡണ്ടു് റേയ്ഗന്റെ കല്പനപ്രകാരം, ബ്രിട്ടനിൽ താവളമുറപ്പിച്ച അമേരിക്കൻ വ്യോമസേനയിലെ ഏതാനും വിമാനങ്ങൾ ഏപ്രിൽ 14—ാം തീയതി ലിബിയയുടെ തലസ്ഥാനമായ ട്രിപ്പോളി നഗരത്തിൽ വൻതോതിൽ വ്യോമാക്രമണം നടത്തി ഗദ്ദാഫിയുടെ വീടിന്റെ മുകളിൽ ബോംബെറിഞ്ഞതുകൊണ്ടു്, അദ്ദേഹത്തെ കൊല്ലാൻ അമേരിക്കൻ വിമാനസൈനികർക്കു് ഉദ്ദേശമുണ്ടായിരുന്നു എന്നതു് സ്പഷ്ടമാണു്. ബോംബേറിൽ മരിച്ചവരുടെ കൂട്ടത്തിൽ ഗദ്ദാഫിയുടെ വളർത്തുമകളായ ഒരു കൊച്ചു കുട്ടികൂടി ഉൾപ്പെടുന്നു. രണ്ടു വിമാനവാഹിനിക്കപ്പലുകളടക്കം വമ്പിച്ച ഒരു അമേരിക്കൻ കടൽപ്പട ഈ ആക്രമണത്തിനു സംരക്ഷണം നൽകാനായി മെഡിറററേനിയൻ കടലിൽ ലിബിയയോടടുത്തു കിടന്നിരുന്നു.

യുദ്ധപ്രഖ്യാപനമൊന്നും നടത്താതെ ലിബിയയെ ആക്രമിക്കുംമുമ്പു് ഗദ്ദാഫിയെ 'മദ്ധ്യപൂർവപ്രദേശത്തിലെ ഭ്രാന്തൻനായ' എന്നു പ്രസിഡണ്ടു് റേയ്ഗൻ വളിക്കുകയുണ്ടായി. ബോംബേറു കഴിഞ്ഞു് ഏറെ വൈകാതെ നടത്തിയ ഒരു ടെലിവിഷൻ പ്രഭാഷണത്തിൽ റേയ്ഗൻ പറഞ്ഞു: 'നാം ചെയ്യേണ്ടതു് ഇന്നു നാം ചെയ്തു. ആവശ്യമെങ്കിൽ നാം ഇനിയും അതു ചെയ്യും. അമേരിക്കക്കാരായ നമുക്കു് മെല്ലെയേ ദേഷ്യം വരൂ. ശക്തി പ്രയോഗിക്കും മുമ്പു സമാധാനപരമായ മാർഗങ്ങൾ നാം എന്നും തേടാറുണ്ടു്. നയതന്ത്രം, സാമ്പത്തിക—ഉപരോധങ്ങൾ, സൈനികശക്തിപ്രകടനം എന്നിവ നാം പരീക്ഷിച്ചുനോക്കി. അമേരിക്ക നിഷ്ക്രിയമായിരിക്കുകയേയുള്ളു എന്നാണു് ഗദ്ദാഫി കരുതിയതു്. അയാൾക്കു തെററി. നമ്മോടു ശത്രുത പുലർത്തുന്ന ഒരു ഭരണകൂടത്തിന്റെ കല്പന

പ്രകാരം, ലോകത്തിലെവിടെവെച്ചും, അമേരിക്കൻ പൗരന്മാരെ അവഹേളിക്കുകയോ, ആക്രമിക്കുകയോചെയ്താൽ, നാം അതിനു പകരം വീട്ടും.'

ഏപ്രിൽ 14–ാം തീയതിയിലെ വിമാനാക്രമണത്തെത്തുടർന്ന് ലിബിയയിൽ ഒരു സൈനിക കലാപം ഉണ്ടാകുമെന്നും, ആക്രമണത്തിൽ മരിച്ചില്ലെങ്കിൽത്തന്നെ ഗദ്ദാഫി ഈ കലാപത്തിൻഫലമായി സ്ഥാനഭ്രഷ്ടനാക്കപ്പെടുമെന്നും അമേരിക്ക പ്രതീക്ഷിച്ചിരുന്നു. അമേരിക്കൻ രഹസ്യപ്പോലീസ് ഇതിനുവേണ്ടി പല ലിബിയൻ പട്ടാള ഉദ്യോഗസ്ഥന്മാരുമായും സമ്പർക്കം പുലർത്തിയിരുന്നതായി പത്രവാർത്തകൾ ഉണ്ടായിരുന്നു. എന്നാൽ, ഗദ്ദാഫിക്കെതിരെ ഒരു കലാപം ലിബിയയിൽ ഉണ്ടായില്ല; മറിച്ച്, ലിബിയയിലും അറബ് ജനതയ്ക്കിടയിലും ഗദ്ദാഫിയുടെ സ്വാധീനം ഒന്നുകൂടി ഉറയ്ക്കുകയാണുചെയ്തത്.

ബെർലിൻ നിശാക്ലബ്ബിലെ ബോംബ്സ്ഫോടനത്തിന് ആരാണുത്തരവാദി എന്ന് ഇനിയും വ്യക്തമല്ല. പല തുണ്ടുകളായി ചിതറിപ്പോയ പാലസ്തീൻ വിമോചനസംഘടനയുടെ ഓരോ തുണ്ടും ലോകവ്യാപകമായ തോതിൽ അട്ടിമറിപ്രവർത്തനങ്ങൾ നടത്തുന്നതായി ആരോപണമുണ്ട്. പാലസ്തീൻകാർക്കു പുറമേ, ഇറാനുമായി കലഹിക്കുന്ന കുർദ്ദുകൾ, ആർമേനിയക്കാർ, സ്പെയിനിൽ സ്വാതന്ത്ര്യത്തിനു പടവെട്ടുന്ന ബാസ്കുകൾ, ജർമനിയിലെ 'നക്സലൈറ്റുകൾ' ആയ റെഡ് ബ്രിഗേഡുകാർ, ഐറിഷ് റിപ്പബ്ലിക്കൻ ആർമി—അങ്ങനെ ഒട്ടേറെ അട്ടിമറിസ്സംഘങ്ങൾ ഇപ്പോൾ നിലവിലുണ്ട്. ഇവർക്കു പുറമേയാണ് 'മാഫിയ' മുതലായ സാർവലൗകിക മയക്കമരുന്ന്—കള്ളക്കടത്ത്—സാമ്പത്തികക്കുറ്റസ്സംഘങ്ങൾ, കൂലിവാങ്ങി കൊല നടത്തിക്കൊടുക്കുന്ന ചോററുപട്ടാളക്കാർ, ഭീകരപ്രവർത്തകർക്കു പരിശീലനം നൽകുന്നതിനുള്ള സ്ഥാപനങ്ങൾ നടത്തുന്ന മുൻ മിലിട്ടറി ഉദ്യോഗസ്ഥർ—അങ്ങനെ സംശയിക്കപ്പെടേണ്ട പലരും അമേരിക്കയിലും ബ്രിട്ടനിലും ജർമനിയിലും ഫ്രാൻസിലും മററുമുണ്ട്. ബെർലിൻ സ്ഫോടനത്തിന്റെ ഉത്തരവാദിത്തം ലിബിയയുടെ മേൽ ചുമത്താൻ തെളിവുകളില്ല എന്നാണ് ഗ്രീക്ക് സർക്കാർ ഏപ്രിൽ 22–ാം തീയതി പ്രസ്താവിച്ചത്.

ലിബിയയിൽ അമേരിക്ക ബോംബെറിഞ്ഞതിനെത്തുടർന്ന്, അമേരിക്കക്കാർക്കെതിരെ ചില്ലറ ചില ആക്രമണങ്ങൾ ഇതിനകം മദ്ധ്യപൂർവപ്രദേശത്തു ചിലേടങ്ങളിൽ നടക്കുകയുണ്ടായി. അമേരിക്കക്കാരെ ബോംബേറിൽ തുണച്ച ബ്രിട്ടനിൽ പിറന്ന ചിലർക്കും ജീവൻ വെടിയേണ്ടിവന്നു. അമേരിക്കക്കാർക്കെതിരായ അക്രമങ്ങൾ ലോകത്തിലെങ്ങും വർദ്ധിച്ചുവരാൻ സാധ്യതയുണ്ടെന്നാണു കരുതപ്പെടുന്നത്. ജീവൻ വെടിഞ്ഞും പകവീട്ടാൻ തയ്യാറായ മതഭ്രാന്തന്മാർക്ക് ആഫ്രിക്കൻ രാജ്യങ്ങളിൽ ക്ഷാമമില്ല. അട്ടിമറിപ്രവർത്തനങ്ങളെ 'ജിഹാദ്' ആയി മഹത്വപ്പെടുത്താൻ ധാരാളം ആളുകൾ കാണും. ലണ്ടനിൽനിന്നു പുറപ്പെടുന്ന ഇസ്രായേൽക്കാരുടെ എൽ അൽ എയർലൈൻസ് വക ഒരു വിമാനത്തിൽ, സ്ഫോടകവസ്തുക്കൾ നിറച്ച ഒരു പെട്ടിയും കൊടുത്ത്, ഗർഭിണിയായ തന്റെ കാമുകിയെ ഒരു യോർദാൻകാരൻ കയററിവിട്ടതായി ഏപ്രിൽ 20–ാം തീയതിയിലെ 'ഹിന്ദു'വിൽ ഒരു വാർത്തയുണ്ടായിരുന്നു. തന്റെ കാമുകിയെയും, അവളുടെ വയററിലെ തന്റെ കുഞ്ഞിനെയും ശത്രുവിന്റെ വിമാനം നശിപ്പിക്കുന്നതിന് 'ജീവനുള്ള ബോംബ്' ആക്കി ഉപയോഗപ്പെടുത്താൻ ഈ യോർദാൻകാരനു തീരെ സങ്കോചം തോന്നിയില്ല. ഇത്തരക്കാർ, നിർഭാഗ്യവശാൽ, ഇന്നു ധാരാളമുണ്ട്; എവിടെയും.

ലിബിയയിലെ അമേരിക്കൻ ബോംബാക്രമണം എല്ലാ പരിഷ്

കൃതനിയമങ്ങളുടെയും നഗ്നലംഘനമായിരുന്നു. രാഷ്ട്രങ്ങൾക്കിടയിൽ സമാധാനം പുലർത്തുവാൻ ബാധ്യതപ്പെട്ട ഐക്യരാഷ്ട്രസംഘടനയുടെ സെക്യൂരിററി കൗൺസിലിൽ പ്രമുഖാംഗമായ അമേരിക്ക അന്താരാഷ്ട്ര നിയമങ്ങൾ കാററിൽപ്പറത്തി മറെറാരു സ്വതന്ത്രരാജ്യത്തെ മുന്നറിയിപ്പു കൂടാതെ കടന്നാക്രമിച്ചതു്, ഐക്യരാഷ്ട്രസംഘടന എത്രമാത്രം ദുർബ്ബലമായിട്ടുണ്ടെന്നതിന്റെ ഒരു പരസ്യപ്രഖ്യാപനം കൂടിയായിരുന്നു. നൂററിരണ്ടു സ്വതന്ത്രരാഷ്ട്രങ്ങളുടെ പ്രാതിനിധ്യമുള്ള ചേരിചേരാ പ്രസ്ഥാനത്തിലെ അംഗങ്ങൾ ഏപ്രിൽ മദ്ധ്യത്തിൽ ദില്ലിയിൽ സമ്മേളിച്ചു് ലിബിയയുടെ മേൽ അമേരിക്ക നടത്തിയ ആക്രമണത്തിൽ പ്രതിഷേധിച്ചു. ഒപ്പം, വ്യക്തികളോ ഗ്രൂപ്പുകളോ സർക്കാരുകളോ നടത്തുന്ന അട്ടിമറിപ്രവർത്തനങ്ങളെയും അവർ അധിക്ഷേപിക്കുകയുണ്ടായി. ആക്രമണത്തിനു് ഇരയായ ലിബിയയോടുള്ള സഹാനുഭൂതി പ്രദർശിപ്പിക്കാനും, അമേരിക്കയുടെ ഏകപക്ഷീയമായ സൈനിക നടപടിയുടെ ഭവിഷ്യത്തുകൾ ഐക്യരാഷ്ട്രസംഘടനയെ ബോദ്ധ്യപ്പെടുത്താനുമായി ഇന്ത്യൻ വിദേശകാര്യമന്ത്രിയുടെ നേതൃത്വത്തിൽ ചേരിചേരാരാഷ്ട്രങ്ങളുടെ ഒരു ആറംഗപ്രതിനിധിസംഘം ലിബിയയുടെ തലസ്ഥാനമായ ട്രിപ്പോളിയും ന്യൂയോർക്കും സന്ദർശിച്ചു. അമേരിക്കയുടെ ബോംബാക്രമണത്തിൽ പ്രതിഷേധവും അട്ടിമറിപ്രവർത്തനങ്ങളിൽ അമർഷവും രേഖപ്പെടുത്തുന്ന ഒരു പ്രമേയം ഐക്യരാഷ്ട്രസംഘടനയുടെ സെക്യൂരിററി കൗൺസിലിൽ, ചർച്ച ചെയ്യപ്പെട്ടു. പതിനഞ്ചു അംഗങ്ങളുള്ള സെക്യൂരിററി കൗൺസിലിൽ, സോവിയററ് യൂണിയൻ, ചൈന, ബൾഗേറിയ, തായ്ലൻഡ്, കോംഗോ, ഘാന, മഡഗാസ്കർ, ട്രിനിഡാഡും ടൊബാഗോയും, യു. എ. ഇ. എന്നീ ഒമ്പതു രാജ്യങ്ങളുടെ പ്രതിനിധികൾ ഈ പ്രമേയത്തെ അനുകൂലിച്ചു വോട്ടുചെയ്തു. വെനെസ്വലയുടെ പ്രതിനിധി വോട്ടെടുപ്പിൽ പങ്കെടുത്തില്ല. പ്രമേയത്തിനെതിരായി വോട്ടുചെയ്തതു് ആസ്ത്രേലിയയും ഡെന്മാർക്കും മാത്രമായിരുന്നു. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് എന്നീ സ്ഥിരാംഗങ്ങൾ 'വീറോ' ചെയ്തതിനാൽ പ്രമേയം നടപ്പിലാവുകയില്ല. എന്നാലും, ചേരിചേരാരാജ്യങ്ങൾക്കു കൈവന്ന ധാർമികവിജയമായി ഈ പ്രമേയ ചർച്ച വ്യാഖ്യാനിക്കപ്പെടുന്നുണ്ടു്.

ലിബിയയെ അനുകൂലിക്കാൻ പല പാലസ്തീനിയൻ—അറബ് സൈനിക ഗ്രൂപ്പുകൾ ഉണ്ടാകുമെന്നതിൽ സംശയമില്ല. അതേസമയം, പാകിസ്ഥാൻപോലെയുള്ള പല മുസ്ലിംഗവണ്മെൻറുകളും അമേരിക്കയിൽനിന്നു ഗണ്യമായ സാമ്പത്തിക—സൈനിക സഹായം കൈപ്പററി വരുന്നുണ്ടു്. ഈജിപ്തു് ഏറെക്കുറെ അമേരിക്കൻ ചേരിയിൽത്തന്നെയാണു്. ലിബിയയെ അനുകൂലിക്കാത്ത അറബിരാജ്യങ്ങളിൽ വ്യാവസായികാഭിവൃദ്ധി ത്വരിപ്പിക്കുന്നതിനുവേണ്ടി രണ്ടായിരമോ, മൂവായിരമോ കോടി ഡോളർ വരുന്ന ഒരു സഹായ ഫണ്ടു് സ്ഥാപിക്കുന്ന കാര്യം അമേരിക്ക ആലോചിച്ചുവരുന്നതായി ഏപ്രിൽ 23—ാം തീയതിയിലെ 'ഹിന്ദു' പത്രത്തിൽ, അവരുടെ വാഷിങ്ടൻ ലേഖകൻ എഴുതിയിരുന്നു. പണം നൽകി പല അറബിരാജ്യങ്ങളേയും ലിബിയയ്ക്കു് എതിരാക്കാൻ അമേരിക്കയ്ക്കു കഴിഞ്ഞേക്കും. മുസ്ളിം രാഷ്ട്രങ്ങൾക്കിടയിൽ ഇപ്പോൾത്തന്നെയുള്ള പരസ്പരവൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുകയാവും ഇതിന്റെ ഫലം.

ലിബിയൻ നേതാവിന്റെ സോഷ്യലിസപ്രഖ്യാപനത്തിൽ സോവിയററ് യൂണിയൻ ഒരിക്കലും വിശ്വസിച്ചിരുന്നില്ല. മതാന്ധനും അർദ്ധഭ്രാന്തനുമായാണു് ഗദ്ദാഫി പാശ്ചാത്യമാധ്യമങ്ങളിൽ ചിത്രീകരിക്കപ്പെടുന്നതു്. എന്നാലും, ഗണ്യമായതോതിൽ ലിബിയയ്ക്കു് സോവിയററ്

യൂണിയൻ ആയുധങ്ങൾ നൽകിയിരുന്നു. അമേരിക്കൻ ആക്രമണത്തിൽ നഷ്ടപ്പെട്ട ആയുധങ്ങളും വിമാനങ്ങളും ലിബിയയ്ക്കു വീണ്ടും കൊടുക്കാൻ റഷ്യ മുന്നോട്ടു വന്നിട്ടുള്ളതായി റിപ്പോർട്ടുകളുണ്ട്. അമേരിക്കയും റഷ്യയും തമ്മിലുള്ള പിരിമുറുക്കം, ലിബിയയിലെ അമേരിക്കൻ ബോംബേറിന്റെ ഫലമായി, വളരെയധികം വർദ്ധിച്ചിട്ടുണ്ട്.

ലിബിയ ഒരു ദരിദ്രരാജ്യമല്ല. അവിടെനിന്നു ധാരാളം എണ്ണ കുഴിച്ചെടുക്കുന്നുണ്ട്. എന്നാൽ, എണ്ണവില ഇടിഞ്ഞതിനെത്തുടർന്ന് ലിബിയ കുറെ കഷ്ടത്തിലായിട്ടുണ്ട്. ധാരാളം കടബാധ്യതയുള്ള ഒരു രാജ്യമാണ് ലിബിയ. അതാതു വർഷത്തിലെ എണ്ണവരുമാനം മുഴുവൻ ഉപയോഗിച്ചാലും, കടത്തിന്റെ പലിശയും മുതലിന്റെ വിഹിതവും അടച്ചുതീർക്കാൻ ലിബിയയ്ക്കു സാധിക്കുമോ എന്നു സംശയമാണ്. കടം തിരിച്ചടയ്ക്കുക സാധ്യമല്ലെന്ന് ലിബിയ പ്രഖ്യാപിച്ചാൽ, പല യൂറോപ്യൻ ബാങ്കുകളും പൊളിഞ്ഞേക്കും. ലിബിയയ്ക്കെതിരെ സാമ്പത്തിക—ഉപരോധം ഏർപ്പെടുത്താനുള്ള യൂറോപ്യൻരാജ്യങ്ങളുടെ ആലോചനകളോടൊപ്പം, ഈവക സംഗതികളും പരിഗണിക്കപ്പെടേണ്ടിയിരിക്കുന്നു.

ലിബിയക്കാർക്കെതിരായ നടപടികൾ പല പാശ്ചാത്യരാജ്യങ്ങളും ശക്തിപ്പെടുത്തുന്നതായി വാർത്തകളുണ്ട്. ബ്രിട്ടനിൽ ഏഴായിരം ലിബിയക്കാരുണ്ട്; ലിബിയയിൽ അയ്യായിരം ബ്രിട്ടീഷുകാരും. ഇതുപോലെ ലിബിയയിൽ അമേരിക്കക്കാരുണ്ട്; അമേരിക്കയിൽ ലിബിയക്കാരുമുണ്ട്. ഇവരെയൊക്കെ പരസ്പരം കൈമാറേണ്ടിവരുമോ? മററു രാജ്യങ്ങളിൽ ഇരു ചേരികളിലും പെട്ടവരുടെ അക്രമപ്രവർത്തനങ്ങൾ—ബോംബേറ്, ആളുകളെ തട്ടിക്കൊണ്ടുപോകൽ, വിമാനം റാഞ്ചൽ മുതലായ—വർദ്ധിച്ചുവരുമോ? കണ്ടറിയേണ്ടിയിരിക്കുന്നു.

അട്ടിമറിപ്രവർത്തനങ്ങളുടെ ഫലമായി വളരെയധികം കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവരുന്ന ഒരു രാജ്യമാണ് ഇന്ത്യ. വ്യക്തികളോ, ഗ്രൂപ്പുകളോ സർക്കാരുകളോ നടത്തുന്ന അട്ടിമറികളിൽ ഇന്ത്യയ്ക്ക് യാതൊരു അനുഭാവവുമില്ല. ഗദ്ദാഫി അമേരിക്കൻ പൗരർക്കെതിരെ അട്ടിമറികളെ പ്രേരിപ്പിക്കുന്നുണ്ടെന്നു തെളിയുന്ന പക്ഷം, ഇന്ത്യയുടെ ശബ്ദം ഗദ്ദാഫിക്കെതിരെ ഉയരും. അതേസമയം, വേണ്ടത്ര കാരണം കൂടാതെയും അന്താരാഷ്ട്രീയനിയമങ്ങൾ മുഴുവൻ കാററിൽ പറത്തിയും, ചെറിയ ഒരു സ്വതന്ത്രരാജ്യത്തിന്റെ തലയിൽ അമേരിക്കപോലുള്ള ഒരു മഹാശക്തി റിപ്പർമട്ടിൽ ചുററികകൊണ്ട് ആഞ്ഞടിക്കുമ്പോൾ നിഷ്പക്ഷത അവലംബിക്കുവാൻ ഇന്ത്യയ്ക്കു പ്രയാസമുണ്ട്. ചേരിചേരാരാഷ്ട്രങ്ങളുടെ നേതാവെന്ന നിലയിൽ ഇന്ത്യ ഗദ്ദാഫിപ്രശ്നത്തിൽ കൈക്കൊണ്ട മുൻകൈ തീർച്ചയായും അമേരിക്കയെ പ്രകോപിപ്പിച്ചിരിക്കണം. അതിന്റെ ഭവിഷ്യത്തുകൾ നാം അനുഭവിക്കേണ്ടിയുംവരും. പാകിസ്ഥാന് വർദ്ധിച്ച സൈനികസഹായം, സിഖ് ഭീകരർക്ക് കൂടുതൽ പരിശീലനം—അങ്ങനെ പല രൂപത്തിലും അമേരിക്കയുടെ കോപത്തെ നമുക്കു നേരിടേണ്ടിവന്നേക്കാം.

സ്വാതന്ത്ര്യത്തിനു നാം നൽകേണ്ടിവരുന്ന വിലയിൽ ഇതെല്ലാം ഉൾപ്പെടുമെന്നു കരുതി സമാധാനിക്കുകയേ ശരണമുള്ളു.

(23 ഏപ്രിൽ, 1986)